# നാഫെഡ് കൊപ്ര സംഭരിക്കും: നാളികേര ബോർഡ്

കൊച്ചി: കൊപ്രയുടേയും വെളിച്ചെണ്ണയുടേയും വില പിടിച്ചുനിർത്താൻ കേന്ദ്ര സംഭരണ ഏജൻസിയായ നാഫെഡ്വഴി ക്വിന്റലിന് 5100 രൂപ നിരക്കിൽ അടിയന്തരമായി കൊപ്ര സംഭരിക്കുമെന്ന് കേന്ദ്ര നാളികേര ബോർഡ് അറിയിച്ചു. മില്ലിങ് കൊപ്രയുടെ താങ്ങുവിലയാണ് ക്വിന്റലിന് 5100 രൂപ.

വിപണിവില താങ്ങുവിലയേക്കാൾ ഇക്കഴിഞ്ഞ ദിവസങ്ങളിൽ താഴ്ന്നതായി ബോർഡ് ചൂണ്ടിക്കാട്ടി. കേരളം, തമിഴ്നാട് സംസ്ഥാനങ്ങളിലെ സംഭരണ ഏജൻസികളോടും കൊപ്ര സംഭരിക്കാൻ ബോർഡ് ആവശ്യപ്പെടും.ബന്ധപ്പെട്ട കാർഷികോൽപാദന കമീഷണർമാർ വഴിയാകും ഇത്. സംഭരണം ആരംഭിച്ചാൽ വിപണിവില താങ്ങുവിലയിലും ഉയരുമെന്നും കൊപ്രയുടേയും വെളിച്ചെണ്ണയുടേയും വില ഇനിയും താഴേക്ക് പോകുമെന്ന ആശങ്ക വേണ്ടെന്നും ബോർഡ് പത്രകുറിപ്പിൽ പറഞ്ഞു.